സി1/17732/റ്റി.സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തൈക്കാട് പി.ഒ, വഴുതക്കാട്
തിരുവനന്തപുരം.- 14
ഫോൺ: 0471-2333317, 2333337
ഇമെയിൽ: tcoffice@keralamvd.gov.in
തീയതി : 14.09.2011

**സർക്കുലർ നം20/2011**

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് — ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നത് — അധിക നിർദ്ദേശങ്ങൾ നൽകുന്നത് — സംബന്ധിച്ച്

സൂചന: 1. സർക്കുലർ നം. 16/1998
2. സർക്കുലർ നം. 20/1998

ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ധാരാളം നിർദ്ദേശങ്ങൾ സൂചനകൾ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തണമെന്നും ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്ന അപേക്ഷകരിൽ നിന്നും ഉണ്ടാകാവുന്ന പരാതികൾ പരമാവധി ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുമ്പോൾ ഉണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും ടെസ്റ്റ് കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സൂചനപ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് ഉപരിയായി താഴെപ്പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി ഇതോടൊപ്പം നൽകുന്നു.

1. ഡ്രൈവിംഗ് ടെസ്റ്റിന് 8.30 ന് ഹാജരാകാനാണ് എല്ലാ അപേക്ഷകർക്കും നോട്ടീസ് നൽകാറുള്ളത്. അതു പ്രകാരം അവർ എത്തിച്ചേരാൻ ബാദ്ധ്യസ്ഥരാണെങ്കിലും ഒഴിവാക്കാൻ പറ്റാത്ത കാരണങ്ങളാൽ പലപ്പോഴും പല അപേക്ഷകരും വൈകിയെത്താറുണ്ടെന്നും ചില ഓഫീസർമാർ ഇങ്ങനെ താമസിച്ച് എത്തുന്നവരെ അന്നേ ദിവസം ടെസ്റ്റിന് ഹാജരാകാൻ അനുവദിക്കാറില്ലെന്നും അറിയുന്നു. അതുകൊണ്ട് 8.30.ന് അപേക്ഷകരുടെ സാധുത പരിശോധിച്ച് രജിസ്റ്ററിൽ പതിക്കുന്നതോടൊപ്പം തന്നെ ടെസ്റ്റ് നടത്താമെങ്കിലും രജിസ്റ്റർ ക്ലോസ് ചെയ്യുന്നത് 10 മണിക്ക് ആക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിന് അർത്ഥം ആരെങ്കിലും ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ താമസിച്ച് വരികയാണെങ്കിലും കാരണം എഴുതി തരുകയാണെങ്കിലും 10 മണി വരെ അവരെ ടെസ്റ്റിന് അനുവദിക്കാവുന്നതാണ്.

2. ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകേണ്ട അപേക്ഷകരും വകുപ്പിലെ ഉദ്യോഗസ്ഥരും ഒഴികെയുള്ള മറ്റാരെയും അനുവദിക്കുവാൻ പാടുള്ളതല്ല. ഡ്രൈവിംഗ് സ്കൂൾ ഉടമ, ഇൻസ്ട്രക്ടർ എന്നിവർ ഉൾപ്പടെയുള്ള ആരേയും ഗ്രൗണ്ടിൽ പ്രവേശിക്കുവാൻ അനുവദിക്കരുത്.

3. ഡ്രൈവിംഗ് ടെസ്റ്റിന് വിധേയനാകുന്ന വ്യക്തി മറ്റാരുടെയെങ്കിലും ആംഗ്യ ഭാഷ വഴിയോ മൊബൈൽ ഫോൺ വഴിയോ മറ്റെതെങ്കിലും തരത്തിലോ ഉള്ള സഹായങ്ങൾ ടെസ്റ്റ് സമയത്ത് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടി അപേക്ഷകനെ ടെസ്റ്റിന് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കേണ്ടതും മറ്റൊരു ദിവസം ടെസ്റ്റിന് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതും ആണ്.

4. അപേക്ഷകർ ടെസ്റ്റിനായി കൊണ്ടുവരുന്ന വാഹനങ്ങളുടെ രേഖകൾ ഉദ്യോഗസ്ഥർ

പരിശോധിക്കേണ്ടതും നിയമസാധുത ഉള്ള രേഖകൾ വാഹനത്തിന് ഉണ്ട് എന്ന ഉറപ്പുവരുത്തേണ്ടതുമാണ്.

5. ടെസ്റ്റിനായി കൊണ്ടുവരുന്ന വാഹനങ്ങളും വകുപ്പിന്റെ വാഹനങ്ങളും മാത്രമേ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ പാർക്ക് ചെയ്യുവാൻ അനുവദിക്കാവൂ.

6 . ഡ്രൈവിംഗ് ടെസ്റ്റ് സമയത്ത് ടൂവീലർ ഓടിക്കുന്ന അപേക്ഷകർ ഹെൽമറ്റും മോട്ടോർ കാറുകൾ ഓടിക്കുന്ന അപേക്ഷകർ സീറ്റ് ബെൽറ്റും ധരിക്കണമെന്ന സൂചന 3 പ്രകാരമുള്ള നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. മാത്രമല്ല വാഹന ചെക്കിംഗ് സമയത്ത് ഡ്രൈവിംഗ് സ്കൂൾ വഴി വാഹനം പഠിക്കുന്നവരെ പ്രത്യേകം നിരീക്ഷിക്കേണ്ടതും ഇവർ ഹെൽമറ്റ്/സീറ്റ് ബെൽറ്റ് തുടങ്ങിയവ ധരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

7. ഡ്രൈവിംഗ് ടെസ്റ്റിൽ ശുപാർശ വഴിയോ മറ്റുതരത്തിലോ, ഏതെങ്കിലും ഭാഗത്തുനിന്നോ, വ്യക്തികൾ വഴിയോ സ്വാധീനിക്കാനുള്ള ശ്രമങ്ങൾക്ക് വശംവദരാവരുത്. തികച്ചും യോഗ്യരായ അപേക്ഷകർക്ക് മാത്രമേ ഡ്രൈവിംഗ് ലൈസൻസ് നല്കേണ്ടതുള്ളൂ. എന്നാൽ ദുരുദ്ദേശപരമായോ മറ്റു കാരണങ്ങളാലോ ടെസ്റ്റുകൾ ശരിയായി ജയിക്കുന്ന അപേക്ഷകർ യോഗ്യരാവാത്ത അവസ്ഥയും ഉണ്ടാവരുത്.

8 ടെസ്റ്റ് തുടങ്ങുന്നതിന് മുമ്പായി റോഡ് സുരക്ഷ സംബന്ധമായ ക്ലാസുകളിൽ അപേക്ഷകൻ സംബന്ധിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വാഹനങ്ങളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന അപകട നിരക്ക് കുറയ്ക്കുന്നതിനായി മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പാലിച്ച് വാഹനം ഓടിക്കുന്നതിന് ഡ്രൈവിംഗ് ടെസ്റ്റിന് ഹാജരാകുന്ന അപേക്ഷകനെ പ്രാപ്തനാക്കുക എന്ന ഉദ്ദേശത്തിലാണ് മേൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ആയതിനാൽ വകുപ്പിലെ AMVI/MVI/Jt.RTO/RTO തുടങ്ങിയ എല്ലാ ഉദ്യോഗസ്ഥരും സൂചന പ്രകാരം നൽകിയ നിർദ്ദേശങ്ങൾക്ക് പുറമെ മേൽ പറഞ്ഞ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും (ചെക്ക് പോസ്റ്റ് ഉൾപ്പെടെ)

പകർപ്പ്:-

ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ/അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ/ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി. എസ്.റ്റി.എ. സീനിയർ ഡി.റ്റി.സി (ടാക്സേഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, എ.റ്റി.സി, അസിസ്റ്റന്റ് സെക്രട്ടറി. എല്ലാ സൂപ്രണ്ട് മാർക്കും, സൂക്ഷിപ്പ് ഫയൽ. അധികം

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

കെ എസ്